## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 304** **25/04/2017-ൽ മറുപടിക്ക്**

## ലഹരിക്കായി ഇംഗ്ലീഷ് മരുന്നുകളുടെ ഉപയോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ലഹരിക്കായി ഇംഗ്ലീഷ് മരുന്നുകളുടെ ഉപയോഗം സംസ്ഥാനത്ത് വ്യാപകമാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കാനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. എന്നാൽ അന്വേഷണത്തിൽ അത്തരത്തിലുള്ള മരുന്നുകൾ നിയമാനുസൃതമല്ലാതെ വിൽപ്പന നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല സൈക്കോട്രോപ്പിക് സബ്സ്റ്റൻസുകളിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള മരുന്നുകളെ ഷെഡ്യൂൾ എച്ച്1 എന്ന പ്രത്യേക പട്ടികയിൽ ഉൾപ്പെടുത്തി ഇവയുടെ വിതരണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രമേ ഇത്തരം മരുന്നുകൾ വിപണനം ചെയ്യാൻ പാടുള്ളൂ. കൂടാതെ ഇവയുടെ വിൽപ്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ വേണമെന്നും നിയമം നിഷ്കർഷിച്ചിട്ടുണ്ട്. പരിശോധനാ വേളകളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത രജിസ്റ്ററുകൾ പരിശോധിക്കുകയും നിയമ ലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| ബി) | ഡോക്ടർമാരുടെ കുറിപ്പില്ലാതെ മരുന്നുകൾ ലഭ്യമാക്കുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) | ഷെഡ്യൂൾ എച്ച്, എച്ച്1, എക്സ് എന്നീ വിഭാഗങ്ങളിൽ പെടുന്ന മരുന്നുകൾ രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ മേൽ നോട്ടത്തിൽ ഡോക്ടറുടെ കുറിപ്പടിക്ക് അനുസൃതമായി മാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് നിഷ്കർഷിക്കുന്നുണ്ട്. മേൽ നിബന്ധന പാലിക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര |

പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. കുറിപ്പടി പ്രകാരമല്ലാതെയുള്ള അനധികൃത വില്പന ശ്രദ്ധയിൽപെടുന്ന പക്ഷം ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ലൈസൻസ് സസ്പെൻഷൻ, ലൈസൻസ് റദ്ദ ചെയ്യൽ തുടങ്ങിയ വകുപ്പുതല നടപടികളും അനിവാര്യമാണെന്നു കാണുന്ന പക്ഷം നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

| | |
|---|---|
| **സി)** സംസ്ഥാനത്ത് മരുന്നുകളുടെ വിപണനവും ഉപയോഗവും സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ? | **സി)** സംസ്ഥാനത്ത് മരുന്നുകളുടെ നിർമ്മാണം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുന്നത് കേന്ദ്രനിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 ഉം അതിനു കീഴിലുള്ള ചട്ടങ്ങൾ (1945) പ്രകാരവുമാണ്. ഔഷധ നിർമ്മാണ - വിതരണ - വ്യാപാരം സംബന്ധിച്ച് പ്രസ്തുത നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം നിരന്തര പരിശോധനകളിലൂടെ ഉറപ്പു വരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**